# കേരള സർക്കാർ

## സംഗ്രഹം

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ. (കൈ.) നം. 104/2021/ധന.** **തീയതി, തിരുവനന്തപുരം17.09.2021.**

---

പരാമശം :- 1. സ.ഉ. (കൈ.) 232/2018/ധന. തീയതി 26.06.2018.

2. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടറുടെ 02.06.2021 ലെ KSSPL/ESTT/15/2020 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ സുഗമമായ വിതരണത്തിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപീകരിച്ചിരുന്നു. എന്നാൽ, ആവശ്യമായ ജീവനക്കാരുടെ അഭാവം കമ്പനിയിൽ വളരെയധികം ഭരണപരമായ അസൗകര്യം സൃഷ്ടിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ കമ്പനിയിൽ ഒരു അസിസ്റ്റന്റിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ മേൽ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ ഒരു അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തിക (ശമ്പള സ്കെയിൽ 45600-95600) സൃഷ്ടിക്കുന്നതിനും ടി തസ്തികയിലേയ്ക്ക് ധനകാര്യവകുപ്പിൽ നിന്നുള്ള ഒരു അസിസ്റ്റന്റിനെ ഡെപ്യൂട്ടേഷനിൽ നിയോഗിക്കുന്നതിനും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**രാജേഷ് കുമാർ സിംഗ്**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറി.

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്,തിരുവനന്തപുരം.

നോഡൽ ഓഫീസർ www.finance.kerala.gov.in

ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E 1735633 SS-1/225/2018/FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ